**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6104** **17-03-2023 - ൽ മറുപടിയ്ക്ക്**

**കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാമല യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാമല യൂണിറ്റിൽ ഏതെല്ലാം ഡിവിഷനുകളാണ് പ്രവർത്തിക്കുന്നതെന്നും എത്ര ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | **കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനിയുടെ മാമല യൂണിറ്റിൽ ട്രാൻസ്ഫോർമർ, സ്ട്രക്ചറൽ എന്നിങ്ങനെ രണ്ടു ഡിവിഷ-നുകളുണ്ട്. ഈ യൂണിറ്റിൽ 113 സ്ഥിരം ജീവനക്കാരുണ്ട്.** |
| (ബി) | പ്രസ്തുത യൂണിറ്റിൽ 2022-23 സാമ്പത്തിക വർഷം എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗ-മായി ഡിസൈൻ വൈവിധ്യ-വത്ക്കരണത്തിലൂടെ മത്സരാ-ധിഷ്ഠിത വിപണിയിൽ ടെൻഡറിലൂടെ ഈ വർഷം വിവിധ വൈദ്യുത വിതരണ സ്ഥാപനങ്ങളിൽ നിന്നും 50 കോടി രൂപയ്ക്കുമേൽ ഓർഡറുകൾ കരസ്ഥമാക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് അനുയോ-ജ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി യിട്ടുണ്ട്.<br><br>ട്രെയിനുകളിൽ ഉപയോഗിക്കുന്ന ട്രാക്ഷൻ ട്രാൻസ്ഫോർമർ, കെൽ മാമല യൂണിറ്റിൽ വികസി-പ്പിച്ചെടുത്ത് RDSO യുടെ അംഗീകാരം മുമ്പുതന്നെ നേടിയിട്ടുണ്ട്. ഇപ്പോൾ വന്ദേഭാരത് എക്സ്പ്രസ് ട്രെയിനുകൾക്കാവശ്യമായ ട്രാക്ഷൻ ട്രാൻസ്ഫോർമറിന്റെ വികസനത്തിന്റെ പ്രാരംഭ നടപടികൾ നടന്നു വരുന്നു.<br><br>കമ്പനിയുടെ മാമല യൂണിറ്റു മുഖേന ഭാരം കുറഞ്ഞ ബെയ്‌ലി പാലങ്ങളുടെ നിർമ്മാണത്തിനും കപ്പലുകളിൽ ആവശ്യമുള്ള നേവി സ്പെസിഫിക്കേഷൻ അനുസ-രിച്ചുള്ള ട്രാൻസ്ഫോർമറുകളുടെ വികസനത്തിനും മറ്റുമായി യുദ്ധക്കപ്പലുകളുടെ നിർമ്മാണ രംഗത്തുള്ള മിനിരത്ന കമ്പനിയായ ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് ആന്റ് എഞ്ചിനീയറിംഗ് കമ്പനിയുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. പ്രസ്തുത ട്രാൻസ്ഫോർമറുകളുടെയും, ഭാരം |

| | | | |
|---|---|---|---|
| | | | കുറഞ്ഞ ബെയ്‌ലി പാലങ്ങളുടെയും വികസനത്തിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ